പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2701 6/02/2018 ൽ മറുപടിക്ക്

## കല്ലാമത്ത് ഐ.സി.ഡി.പി. സബ് സെന്റർ

ചോദ്യം

**ശ്രീ.കെ.എസ്.ശബരീനാഥൻ:**

മറുപടി

അഡ്വ .കെ.രാജു

(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി).

| | | | |
|---|---|---|---|
| എ) | തിരുവനന്തപുരം നഗരസഭയുടെ കീഴിൽ കന്നുകാലി പരിപാലനത്തിനായി എത്ര ഐ.സി.ഡി.പി. സബ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്; ഇതിൽ എത്ര സെന്ററുകൾ പ്രവർത്തനരഹിതമാണെന്ന് വ്യക്തമാക്കാമോ; | എ) | 18 ഐ.സി.ഡി.പി. സബ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ തിട്ടമംഗലം ഐ.സി.ഡി.പി. സബ് സെന്റർ പ്രവർത്തനരഹിതമാണ്. |
| ബി) | നഗരപ്രദേശങ്ങളിൽ സ്ഥലപരിമിതി മൂലം കന്നുകാലി പരിപാലനം സാധ്യമല്ലാത്ത സാഹചര്യത്തിൽ ഇത്തരം സെന്ററുകൾ മറ്റ് പ്രയോജനപ്രദമായ സ്ഥലങ്ങളിലേക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | ബി) | കർഷകരുടെ ആവശ്യം പരിഗണിച്ച് നടപടി സ്വീകരിക്കുന്നതാണ്. |
| സി) | പൂവച്ചൽ പഞ്ചായത്തിലെ കല്ലാമം ഭാഗത്ത് കന്നുകാലി പ്രജനനത്തിനായി ഒരു സബ് സെന്റർ വേണമെന്ന ക്ഷീരകർഷകരുടെ ആവശ്യം പരിഗണിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; | സി) & ഡി) | കല്ലാമം പ്രദേശത്ത് ഒരു പുതിയ ഐ.സി.ഡി.പി സബ്സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. |
| ഡി) | തിരുവനന്തപുരം നഗരസഭയുടെ വർഷങ്ങളായി പൂട്ടിക്കിടക്കുന്ന ഐ.സി.ഡി.പി. സബ് സെന്റർ കല്ലാമം ഭാഗത്ത് മാറ്റി സ്ഥാപിക്കുന്നതിനായി നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ കല്ലാമത്തെ ക്ഷീരകർഷകർക്കായി പുതിയ സബ് സെന്റർ അനുവദിക്കുമോ? | | |

സെക്ഷൻഓഫീസർ